Page 1 of 1

തങ്ങൾപാറ, കുരിശുമല എന്നീ തീർത്ഥാടനകേന്ദ്രങ്ങളെയും സമീപ പ്രദേശങ്ങളിലെ പുരാതന ക്ഷേത്രങ്ങളെയും വിശുദ്ധസ്ഥലങ്ങളെയും ആ പദ്ധതിയിൽ ചേർത്തുകൊണ്ട് ഒരു സംയോജിത തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട് അടുത്ത വർഷം നടപ്പിലാക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ മുണ്ടേരി പഞ്ചായത്തിലെ തണ്ണീർതടത്തിൽ പതിനായിരക്കണക്കിന് ദേശാടനപക്ഷികളാണ് എത്തുന്നത് ഈ തണ്ണീർതടം ഒരു പക്ഷി സങ്കേതമായി വികസിപ്പിക്കുന്നതാണ്. ഹരിപ്പാട് പ്രദേശത്തെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ഹരിപ്പാട് പിൽഗ്രിം മെഗാ ടൂറിസം പ്രോജക്ട് ഈ വർഷം നടപ്പിലാക്കുന്നതാണ്.

### ശാസ്ത്രം-സാങ്കേതികം-പരിസ്തിതി

കേരള തീരപ്രദേശം ലോകം മുഴുവൻ അറിയപ്പെടുന്ന ധാതുലവണങ്ങൾ കൊണ്ട് സമ്പുഷ്ടമാണ്. ഇതിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി ധാതുക്കളെ മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ഒരു പദ്ധതി ആരംഭിക്കുന്നതാണ്. മൂന്നാറിലെ പാർവ്വതി മലയിൽ ഒരു 'ബൊട്ടാണിക്കൽ ഗാർഡൻ' സ്ഥാപിക്കുന്നതാണ്. രാമച്ചം ഉപയോഗിച്ച് പുഴയോരങ്ങൾ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

### വിദ്യാഭ്യാസം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടോടെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ചാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി സംസ്ഥാനത്തെ നിലവിലുള്ള പ്രൈമറി, സെക്കന്ററി സ്കൂൾ തലം പുനഃക്രമീകരിക്കുക എന്നതാണ് നാം നേരിടുന്ന ഒരു പ്രധാനപ്പെട്ട വെല്ലുവിളി. ഇതിന്റെ അടിസ്ഥാനത്തിൽ 8-ാം ക്ലാസ് അപ്പർ പ്രൈമറി തലത്തിലേക്കും 5-ാം ക്ലാസ് ലോവർ പ്രൈമറി തലത്തിലേയ്ക്കും മാറ്റും. ഈ മാറ്റം അടുത്ത വർഷം ആരംഭിക്കുന്നതാണ്.

ഈ പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളെയും അന്തർദേശീയ നിലവാരത്തിൽ ആധുനികവത്ക്കരിക്കുന്നതാണ്. ഈ പദ്ധതിയിൽ അക്കാദമിക് നിലവാരം ഉയർത്തൽ, കലാ കായികം, വിവരസാങ്കേതിക വിദ്യ, ജീവനനൈപുണ്യം ഇവയിൽ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കൽ, സ്കൂളുകളുടെ പശ്ചാത്തല സൗകര്യവികസനം എന്നിവ ഉൾപ്പെടുന്നു. ഇതിനായി 200 കോടി രൂപ വകയിരുത്തുന്നു.

സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും 'സ്മാർട്ട് ക്ലാസ്' മുറികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി ഈ ലക്ഷ്യം കൈവരിക്കാനും ആദ്യഘട്ടമെന്ന നിലയിൽ 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly